# ചെറുതേനീച്ച വളർത്തൽ ശിൽപ്പശാല ഇന്നും നാളെയും

കാസർകോട് ● നാഷനൽ ബീ ബോർഡിന്റെ നേതൃത്വത്തിൽ കേരള കാർഷിക സർവകലാശാല, കൃഷി വിജ്ഞാന കേന്ദ്രം, സിപിസിആർഐ, ഹോർട്ടികൾച്ചർ മിഷൻ, കാസർകോട് റൂറൽ ഡവലപ്മെന്റ് സൊസൈറ്റി എന്നിവയുടെ സഹകരണത്തോടെ സിപിസിആർഐയിൽ ഇന്നും നാളെയുമായി ദേശീയതല ചെറുതേനീച്ച വളർത്തൽ ശിൽപ്പശാല സംഘടിപ്പിക്കും. ഇന്ന് പത്തിന് കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. പി. രാജേന്ദ്രൻ ശിൽപ്പശാല ഉദ്ഘാടനം നിർവഹിക്കും. സിപിസിആർഐ ഡയറക്ടർ ഡോ. ജോർജ് വി. തോമസ് അധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ എപ്പി എക്സ്പോ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ഡോ. കെ. പ്രതാപൻ ഉദ്ഘാടനം ചെയ്യും.

വെള്ളായണി തേനീച്ച പരാഗണ ഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്ത ചെറുതേനീച്ച വളർത്തലിലെ നൂതന സാങ്കേതികവിദ്യകൾ കർഷകർക്ക് കൈമാറുകയാണ് ശിൽപ്പശാലയുടെ ലക്ഷ്യം. ചെറുതേനീച്ച കോളനി പരിപാലനം, വിഭജനം, തേൻ ശേഖരിക്കൽ, സംസ്കരണം, രോഗ – കീട സംരക്ഷണം, തേൻ ഉൽപ്പന്നങ്ങളുടെ നിർമാണം എന്നിവയെക്കുറിച്ചു വിദഗ്ധർ ക്ലാസെടുക്കും. കേരളത്തിനു പുറമെ മറ്റ് സംസ്ഥാനങ്ങളിൽനിന്നായി മുന്നൂറിലേറെ കർഷകർ പങ്കെടുക്കും.

സമ്മേളനത്തിന്റെ ഭാഗമായുള്ള എപ്പി എക്സ്പോയിൽ ചെറുതേൻ, കൂർഗ് തേൻ, ലിച്ചി തേൻ, ഞൊടിയൽ തേൻ, പെരുന്തേൻ, മറ്റ് തേനുൽപ്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിൽപ്പനയും ഉണ്ടായിരിക്കുമെന്ന് കാർഷിക കോളജ് പ്രിൻസിപ്പൽ ശാസ്ത്രജ്ഞൻ ഡോ. എസ്. ദേവനേശൻ, ഡോ. മനോജ്കുമാർ, അസോഷ്യേറ്റ് പ്രഫ. കെ.എസ്. പ്രമീള, ചാർലി മാത്യു എന്നിവർ അറിയിച്ചു.